**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1984 11.02.2020-ന് മറുപടി നൽകേണ്ടിയിരുന്നത്

## പിൻവലിക്കപ്പെട്ട കേസുകൾ

| **ചോദ്യം**<br>ശ്രീ.പി.കെ.ബഷീർ | **ഉത്തരം**<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ക്രിമിനൽ കേസുകളും വിജിലൻസ് കേസുകളും പിൻവലിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1188 ക്രിമിനൽ കേസുകൾ കോടതിയുടെ അനുമതിയോടെ പിൻവലിച്ചിട്ടുണ്ട്. വിജിലൻസ് കേസുകൾ ഒന്നും തന്നെ പിൻവലിച്ചിട്ടില്ല. |
| (ബി) മന്ത്രിമാർ, എം.എൽ.എ.മാർ, രാഷ്ട്രീയ കക്ഷികളുടെ ജില്ലാ തലം വരെയുള്ള നേതാക്കൾ എന്നിവർ ഉൾപ്പെട്ട വിവിധങ്ങളായ കേസുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം നൽകുമോ; | (ബി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ജീവനക്കാർ ഉൾപ്പെട്ട വിജിലൻസ് കേസുകളുടെയും മറ്റും പ്രോസിക്യൂഷൻ അനുമതിക്കായി സർക്കാരിൽ എത്തിയ എത്ര നിർദ്ദേശങ്ങളിൽ അനുമതി നൽകിയിട്ടുണ്ട്; എത്ര എണ്ണത്തിൽ അനുമതി നൽകാതിരുന്നിട്ടുണ്ട് എന്നിവയുടെ വിശദാംശം വെളിപ്പെടുത്തുമോ;<br>(ഡി) പ്രോസിക്യൂഷൻ അനുമതി നൽകാതിരുന്ന കേസുകൾക്ക് അവ എന്തുകൊണ്ടാണ് നൽകാതിരുന്നത് എന്നതടക്കമുള്ള വിശദാംശം വെളിപ്പെടുത്തുമോ? | (സി) & (ഡി) ജീവനക്കാർ ഉൾപ്പെട്ട 180 വിജിലൻസ് കേസുകളിൽ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്. 5 കേസുകളിൽ പ്രോസിക്യൂഷൻ അനുമതി നിരസിച്ചിട്ടുണ്ട്. അനുമതി ആവശ്യപ്പെട്ട ഒരു കേസിൽ മറ്റൊരു ഏജൻസി അന്വേഷണം നടത്തുന്നതു കൊണ്ടും, മറ്റു കേസുകളിൽ മതിയായ കാരണങ്ങൾ സഹിതം അംഗീകാരത്തിന് സമർപ്പിക്കാത്തതും മൂലമാണ് പ്രോസിക്യൂഷൻ അനുമതി നൽകേണ്ടതില്ല എന്ന തീരുമാനം കൈക്കൊണ്ടത്. |

**സെക്ഷൻ ഓഫീസർ.**

അനുബന്ധം

| ജില്ല | മന്ത്രിമാർ | എം.എൽ.എ.മാർ | രാഷ്ട്രീയ കക്ഷികളുടെ ജില്ലാതലം വരെയുള്ള നേതാക്കൾ |
|---|---|---|---|
| തിരുവനന്തപുരം സിറ്റി | 14 | 8 | 19 |
| തിരുവനന്തപുരം റൂറൽ | 1 | 2 | 2 |
| കൊല്ലം സിറ്റി | 0 | 1 | 17 |
| കൊല്ലം റൂറൽ | 0 | 0 | 1 |
| പത്തനംതിട്ട | 0 | 1 | 4 |
| ആലപ്പുഴ | 0 | 5 | 10 |
| കോട്ടയം | 0 | 0 | 4 |
| ഇടുക്കി | 0 | 1 | 0 |
| എറണാകുളം സിറ്റി | 0 | 1 | 26 |
| എറണാകുളം റൂറൽ | 1 | 10 | 5 |
| തൃശ്ശൂർ സിറ്റി | 2 | 0 | 33 |
| തൃശ്ശൂർ റൂറൽ | 0 | 0 | 2 |
| പാലക്കാട് | 0 | 1 | 5 |
| മലപ്പുറം | 0 | 0 | 2 |
| കോഴിക്കോട് സിറ്റി | 0 | 0 | 1 |
| കോഴിക്കോട് റൂറൽ | 3 | 5 | 2 |
| വയനാട് | 0 | 3 | 10 |
| കണ്ണൂർ | 4 | 12 | 53 |
| കാസറഗോഡ് | 0 | 2 | 2 |
| റെയിൽവേസ് | 0 | 0 | 0 |
| **ആകെ** | **25** | **52** | **198** |

**സെക്ഷൻ ഓഫീസർ**